SUBALTERN STUDIES

# ശ്രീനാരായണ ഗുരു ദർശനങ്ങളുടെ സ്വാധീനം പണ്ഡിറ്റ് കെ.പി. കറുപ്പൻ മാസ്റ്ററുടെ വ്യവഹാരങ്ങളിൽ

**ഡോ. മുഹമ്മദ് ബഷീർ കെ. കെ.**
അസോസിയേറ്റ് പ്രൊഫസർ
കെ. കെ. ടി. എം. ഗവ. കോളേജ്, പുല്ലൂറ്റ്
Email: mbkunnummal@gmail.com

**സംഗ്രഹം**

പണ്ഡിറ്റ് കെ. പി. കറുപ്പനെ സംബന്ധിച്ച ജീവചരിത്ര കൃതികളും ഇതര ലേഖനങ്ങളും കൃതികളും കൂടാതെ അദ്ദേഹത്തിന്റെ ഗദ്യ-പദ്യ രചനകളും നിയമസഭാ പ്രസംഗങ്ങളും അടങ്ങുന്ന ദ്വിതീയങ്ങളെ വിശകലനം ചെയ്തുകൊണ്ട് അദ്ദേഹത്തിന്റെ വ്യവഹാരങ്ങളിലെ ശ്രീനാരായണ ഗുരു ചിന്തയുടെ സ്വാധീനത്തെ സംബന്ധിച്ച് നിഗമനങ്ങൾ രൂപപ്പെടുത്താനാണ് ഈ പഠനം ശ്രമിക്കുന്നത്. സോദരചിന്ത, അഹിംസ, സർവ്വമത സാഹോദര്യം, സംഘടിത ശക്തിയായി നിലകൊള്ളൽ, മദ്യവർജ്ജനം, സാർവത്രിക വിദ്യാഭ്യാസം, ആരോഗ്യ-ശുചിത്വ സങ്കൽപ്പങ്ങൾ, യന്ത്രവത്കരണം, വ്യവസായ പുരോഗതി, അദ്വൈത ചിന്ത, ജാതി വിരുദ്ധത തുടങ്ങി നിരവധി മേഖലകളിൽ പണ്ഡിറ്റ് കറുപ്പന്റെ ചിന്തയെ സ്വാധീനിച്ചത് ശ്രീനാരായണഗുരു ദർശനമാണെന്ന് പഠനം ഉപദർശിക്കുന്നു.

**താക്കോൽ വാക്കുകൾ:** തീണ്ടലും തൊടീലും - സോദരചിന്ത - അദ്വൈതദർശനം - സർവ്വമത സാഹോദര്യം - മദ്യവർജ്ജനം - നവോത്ഥാനം

അവശ സമുദായോദ്ധാരണം ജീവിതലക്ഷ്യമാക്കി, അതുതന്നെയാണ് ഈശ്വരസാക്ഷാത്കാരമാർഗം എന്ന ഉറച്ചബോധ്യത്തോടെ പ്രവർത്തിച്ച രണ്ട് സാമൂഹ്യപരിഷ്കർത്താക്കളാണ് പണ്ഡിറ്റ് കെ.പി. കറുപ്പനും ശ്രീനാരായണഗുരുവും. ഗുരുവിനെ സംബന്ധിച്ചിടത്തോളം സാഹിത്യത്തേക്കാൾ ജനങ്ങളെ സ്വാധീനിച്ചത് അദ്ദേഹത്തിന്റെ പ്രവൃത്തികളാണെങ്കിൽ കറുപ്പനെ സംബന്ധിച്ചിടത്തോളം പ്രവൃത്തികളേക്കാൾ കൂടുതൽ സാമൂഹികമാറ്റത്തിന് നിദാനമായത് അദ്ദേഹത്തിന്റെ എഴുത്തും പ്രസംഗവുമാണ്.

"താണാരാധിക്കുവോർക്കൊക്കെയുമുരു
തണലായ് സത്യസന്ന്യാസ നേട്ട-
ത്തുണായ് മിന്നുന്ന നാരായണ പരമഗുരു
സ്വാമി നമ്മൾക്കു ദൈവം." (ശ്രീനാരായണഗുരു, 2013:23)

"ആദർശരൂപനായിട്ടാഗുരുദേവനിന്നു
ഈ നവയുഗത്തിന്റെ ജീവനായി ജയിക്കുന്നു
അതിനാൽ തൽപ്രതിഷ്ഠിതാദർശ പ്രചാരത്തിൽ
മതിവയ്ക്കുകയാവും നമ്മുടെ കരണീയം." (ശ്രീനാരായണഗുരു സമാധി,2013: 501)

"ഗുരുദേവാദർശങ്ങൾ മണ്ണുള്ളകാലമെല്ലാം
ഗുരുഭൂതികൾക്കായി വിജയിക്കാകേണമേ!." (ശ്രീനാരായണഗുരു സമാധി,2013:502)

"വർണ്ണം നാലിന്റെ ഞെക്കോടിതര മതമദോന്മർ തൻ ഞെക്കുകൊണ്ടുൾ-
ദ്ദെണ്ണം കൊള്ളുന്ന വർണ്ണപ്രജകളുടെ മന-
സ്താപ മാറ്റുന്ന ദേവൻ." (ശ്രീനാരായണഗുരു,2013:23)

"കാരുണ്യം കൂടാതെ ജാതിതാൻ നിർമ്മി-
ദാരുണമായ കുഴിയിൽ വീണു കേഴുന്ന
ഞങ്ങൾക്കു സ്വാമിസന്ദേശങ്ങൾ
കേവലമജ്യോതിസ്സായ്ത്തീർന്നീടട്ടെ!
എണ്ണവും വണ്ണവും കൂടാതെ ജാതിതൻ
ദണ്ഡനമോരോന്നും ഏറ്റുകൊണ്ട്
നാളുകൾ പോക്കുന്ന ഞങ്ങളെ
പോക്കുവ ആളുകളുണ്ടായിരുന്നതിന്നും
വർഗ്ഗപരിഷ്കാരമാകുന്ന നൂതന-
സ്വർഗ്ഗത്തിൽ ഞങ്ങളെ ഏറ്റുവാനും." (സമാധിദിനാചരണം)
നാരായണഗുരുദേവന്റെ കാരുണ്യം പോരുമെന്നുള്ള വാദം.

സർഗ്ഗശേഷിയെ സാമൂഹികമാറ്റത്തിനുള്ള ശക്തമായ ഉപാധിയായി തിരിച്ചറിയുകയും പ്രയോജനപ്പെടുത്തുകയും ചെയ്ത നവോത്ഥാനനായകനാണ് പണ്ഡിറ്റ് കെ.പി. കറുപ്പൻ. ഇരുപതാം വയസ്സിൽ, 1905 ൽ തുടങ്ങി അമ്പത്തിമൂന്നാം വയസ്സിൽ, അഥവാ 1938 വരെ മാത്രം നീണ്ടുനിന്ന അദ്ദേഹത്തിന്റെ രാഷ്ട്രീയ-സാമൂഹിക ജീവിതത്തിന് പരമപ്രധാനമായ രണ്ടു ലക്ഷ്യങ്ങളാണുണ്ടായിരുന്നത്. അവശ സമുദായോദ്ധാരണവും അതിന്റെ തന്നെ ഭാഗമായ ജാതിവിവേചനങ്ങൾക്കെതിരായുള്ള പോരാട്ടങ്ങളുമാണവ.

ഹൈന്ദവ - ക്രൈസ്തവ - ബുദ്ധ- ഇസ്ലാം മതദർശനങ്ങൾ, ഉന്നതമായ ജനാധിപത്യചിന്ത, ശാസ്ത്രാവബോധം. മനുഷ്യാവകാശങ്ങളെ സംബന്ധിച്ച ഉയർന്ന ബോധ്യം, സോഷ്യലിസ്റ്റ്


ISSN: 2582 - 2594

കാഴ്ചപ്പാട്, അഹിംസ - അടിസ്ഥാന വിദ്യാഭ്യാസം തുടങ്ങിയ ഗാന്ധിയൻ കാഴ്ചപ്പാടുകൾ, മതം-വിദ്യാഭ്യാസം- സംഘടിത സാമൂഹ്യജീവിതം - തുടങ്ങിയവയെ സംബന്ധിച്ച ശ്രീനാരായണ ദർശനങ്ങൾ എന്നിവയൊക്കെച്ചേർന്ന് സൃഷ്ടിച്ച വിശ്വമാനവികതയുടെ ആൾരൂപമായിരുന്ന പണ്ഡിറ്റ് കെ.പി. കറുപ്പൻ മാസ്റ്റർ.

വിദ്യനേടി വിമോചിതരാവുകയെന്നത് പാർശ്വവത്കൃത-കീഴാള ജനവിഭാഗങ്ങളോട് മരണം വരെ എഴുതിയും സംസാരിച്ചും ജീവിതവ്രതം തന്നെയാക്കിയെടുത്തിരുന്ന അദ്ദേഹം. പഠനത്തിൽ മികവ് പുലർത്തുന്ന ഏതൊരു കുട്ടിക്കും സാമ്പത്തികശേഷിയില്ലാത്തതുകൊണ്ട് മാത്രം ഉന്നതപഠനം നിഷേധിക്കപ്പെടുന്ന സാഹചര്യത്തിന് എന്ത് വിലകൊടുത്തും അദ്ദേഹം പരിഹാരം കണ്ടിരുന്നു. വലിയ ജാഗ്രതയാണ് അദ്ദേഹം ഇക്കാര്യത്തിൽ പുലർത്തിയത്. വിദ്യാലയങ്ങൾ സ്ഥാപിച്ചും ഫീസിളവുകൾ സമ്മർദ്ദം ചെലുത്തി വാങ്ങിച്ചെടുത്തും ഹോസ്റ്റലുകൾ സ്ഥാപിച്ചും ജാതി വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ അധഃകൃതർക്ക് പ്രവേശനം ലഭ്യമാക്കിയും ഗുരുചിന്തയെ പ്രവൃത്തിപഥത്തിൽ എത്തിച്ചു.

സംഘടിച്ച് ശക്തരാവാനുള്ള ഗുരുവിന്റെ ആഹ്വാനവും അധഃകൃതരുടെ രക്ഷാമാർഗ്ഗമായിത്തന്നെ കറുപ്പൻ സ്വീകരിച്ചു. അതിലേക്കുള്ള നാൾവഴികൾ എത്ര ദുഷ്കരമായിരുന്നുവെന്ന് പുലയ മഹാസഭയുടെ രൂപീകരണം ഒന്നുമാത്രം പരിശോധിച്ചാൽ വ്യക്തമാവും. പരിഹാസം, അപവാദപ്രചാരണങ്ങൾ, ഭീഷണി, കയ്യേറ്റം, സ്ഥലസാധന വിഭവങ്ങൾനിഷേധിക്കൽ എന്നിങ്ങനെ സവർണ-വരേണ്യ-അധികാര വർഗ്ഗം: അവരുടെ ആവനാഴിയിലെ എല്ലാ ആയുധങ്ങളും കീഴാള സംഘടിതയത്നങ്ങളെ ഇല്ലാതാക്കാൻ പ്രയോഗിച്ചിരുന്നു. കറുപ്പൻ മാസ്റ്ററുടെ ധൈഷണികതയും ഭാഷാശേഷിയും വ്യക്തിപ്രഭാവവും എതിർപ്പുകളെ അതിജീവിക്കാൻ കീഴാളർക്ക് കരുത്തായി.

**1. മനുഷ്യരെല്ലാം ഒരൊറ്റ ജാതി**

ജാതിക്കുമ്മി മുതലുള്ള പണ്ഡിറ്റ് കെ. പി. കറുപ്പന്റെ എഴുത്തുജീവിതത്തിലും വാമൊഴി വ്യവഹാരങ്ങളിലും ആദ്യന്തം പ്രതിഫലിക്കുന്ന ഒന്നാണ് മനുഷ്യരെല്ലാം ഒരൊറ്റ ജാതിയെന്ന ശ്രീനാരായണ ഗുരുദർശനം. ജാതിക്കുമ്മിയിലെനിരവധി ശ്ലോകങ്ങൾ ഈ ചിന്തയുടെ പ്രതിഫലനങ്ങളാണ്.

"എല്ലാവരും നമ്മൾ മാനുഷന്മാ-
രല്ലാതെ മാട്ടും മരവുമല്ല; വല്ലായ്മപോക്കുക,
ശാസ്ത്രീയമാം ജാതി ചൊല്ലാം മനുഷ്യത്വം യോഗപ്പെണ്ണേ!-
ഒരു നല്ല ജാതിയതു ജ്ഞാനപ്പെണ്ണേ!" (ജാതിക്കുമ്മി)

**സോദരചിന്ത**

"ജാതിഭേദം മതദ്വേഷം ഏതുമില്ലാതെ സർവരും സോദരത്വേന വാഴുന്ന മാതൃകാസ്ഥാനമാണിത് "-ലോകത്തെ മുഴുവൻ സമൂഹവും പരസ്പര വിദ്വേഷമോ വിവേചനമോ ഇല്ലാതെ സാഹോദര്യത്തോടുകൂടി വാഴുന്ന ലോകം പുലർന്നു കാണാൻ ആശിക്കുകയും യത്നിക്കുകയും ചെയ്ത ഗുരുവിലും കറുപ്പനിലും ആ ചിന്ത മനുഷ്യരെയും കടന്ന് സർവ്വചരാചരങ്ങളിലേക്കും

വ്യാപിക്കുന്നുണ്ട്. മനുഷ്യമരണത്തിലെന്നപോലെ കിളിയുടെ ചരമത്തിലും വിലപിക്കുന്നുണ്ട് മാസ്റ്ററുടെ കവിത. തീണ്ടലും തൊടീലും പറഞ്ഞ് പരസ്പരം അകറ്റിനിർത്തിയിരുന്നവർ ഒരു ബെഞ്ചിലിരുന്ന് പഠിക്കുന്നതു കാണുന്നതിനേക്കാൾ ആഹ്ലാദകാരിയായ ഒരു കാഴ്ച അദ്ദേഹം അനുഭവിക്കുന്നില്ല. പണ്ഡിറ്റ് കറുപ്പന്റെ തിരുനാൾക്കുമ്മിയിൽ തന്റെ പ്രവർത്തനങ്ങൾക്ക് ഫലം കണ്ടതിന്റെ ചാരിതാർത്ഥ്യം ഇങ്ങനെ കുറിച്ചിട്ടിരിക്കുന്നത് കാണാം.

"നായരു കുട്ടിയും നായാടിക്കുട്ടിയും
ഈ അരചന്റെ കനിവിനാലെ
പുഞ്ചിരിതൂകിയടുത്തു മുട്ടിയൊരു
ബഞ്ചിലിരുന്നു പഠിച്ചിടുന്നു."

**അദ്വൈതചിന്ത**

ഗുരുദേവനെപ്പോലെ സൃഷ്ടിയിലും സ്രഷ്ടാവിലും ഉള്ളതു ഒരേ ചൈതന്യമാണെന്ന വിചാരം ജാതിക്കുമ്മി മുതലുള്ള കവിതകളിൽ കാണാം. ഗുരുവിനെപ്പോലെത്തന്നെ വ്യത്യസ്തമതങ്ങൾ സാക്ഷാത്കരിക്കുന്നത് ഒരേ ദൈവത്തെത്തന്നെയാണെന്ന് കറുപ്പനും വിശ്വസിച്ചിരുന്നു. ക്രൈസ്തവ-ബുദ്ധ മതദർശനങ്ങളിലെ സഹോദര കാഴ്ചപ്പാടുകളും ഏകദൈവവിശ്വാസവും അദ്ദേഹത്തെ ആകർഷിക്കുകയും അവയെ ശ്ലാഘിച്ചുകൊണ്ട് അദ്ദേഹം കവിതകൾ എഴുതുകയും ചെയ്തു. ക്രൈസ്തവ ഇസ്ലാം ദർശനങ്ങളിലെ സമത്വ ആശയത്തെ മുൻനിർത്തി ഹൈന്ദവതയിലെ അനാചാരങ്ങളെ നിന്ദിക്കുന്നു.

"സാധുവാം മീൻപിടുത്തക്കാരന്റെ ചെന്താരിളം
ചേവടികളെ മുന്നം ധാടിയിലേറ്റ നിങ്ങൾ
സർവ്വസാഹോദര്യത്തെപ്പാടിയ
ക്രിസ്തീയാദർശങ്ങളെത്തെളിയിച്ചു."

'ഗൗതമബുദ്ധനെന്ന ഭൂലോകമഹാഗുരു
ഭൂതന്റെ ദിവ്യസാന്നിധ്യത്തിനാലോ സുഖിക്കുന്നു.'

പ്രവാചക ചരമവിലാപത്തിലും ഇതു കാണാം "ജീവിതപസ്ഥാവിൽസോദരസ്നേഹമാം പൂവിന്റെ സൗരഭ്യം ചേർത്തതാരോ"

അണ്ണാറക്കണ്ണന്റെയും ആറ്റക്കിളിയുടെയും ചരമത്തിൽ വിലപിക്കുന്ന ദർശനം പോസ്റ്റ് ഹ്യൂമൻ കാഴ്ചപ്പാടാണ്. ജന്തുബലിയെ അന്ധവിശ്വാസമായി കണ്ട് അതുപേക്ഷിക്കാൻ ആഹ്വാനം ചെയ്തു. ശ്രീനാരായണഗുരു; പ്രതിഷ്ഠയിലൂടെ നാണയപ്പെടുത്തിയ സ്നേഹം, ദയ, കരുണ, സത്യം എന്നീ മൂല്യങ്ങൾ സ്വന്തം ജീവിതത്തിൽ പകർത്തുകയും മറ്റുള്ളവരിലേക്കത് വാക്കിലൂടെയും


ISSN: 2582 - 2594

എഴുത്തിലൂടെയും പകരുകയും ചെയ്ത പണ്ഡിറ്റ് കറുപ്പനിലെ ശ്രീനാരായണഗുരു സ്വാധീനം അവിടംകൊണ്ടും നിൽക്കുന്നില്ല. വ്യവസായങ്ങളും വിദ്യാലയങ്ങളും തുടങ്ങാൻ പ്രേരിപ്പിച്ച ഗുരുദേവന്റെ വാക്കുകൾ ഉൾക്കൊണ്ടുകൊണ്ട് സമുദായാംഗങ്ങളോട് പാരമ്പര്യ മത്സ്യബന്ധന രീതികളെ ആധുനീകരിക്കാനും അതിനെ വ്യവസായമാക്കി മാറ്റാനും ഫിഷറീസ് സ്കൂളുകളിൽ ആധുനിക മത്സ്യബന്ധന പ്രായോഗികാനുഭവങ്ങൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്താനും അദ്ദേഹം പരിശ്രമിക്കുകയും വിജയിക്കുകയും ചെയ്യുന്നുണ്ട്.

**കണ്ണാടിപ്രതിഷ്ഠയും കായൽക്കര സമ്മേളനവും**

1927 ജൂൺ 14ന് ഗുരു കളവങ്കോടത്ത് ക്ഷേത്രത്തിൽ കണ്ണാടി പ്രതിഷ്ഠ നടത്തി. ശ്രീനാ രായണഗുരു കണ്ണാടി പ്രതിഷ്ഠ നടത്തിയ സംഭവത്തിന്റെ രാഷ്ട്രീയചരിത്രത്തോട് സമാനത പുലർത്തുന്ന ഒന്നാണ് പണ്ഡിറ്റ് കറുപ്പൻ 1916 ൽ നടത്തിയ കായൽക്കര സമ്മേളനം. ഭൗ തികതലത്തിൽ അവർണ്ണർക്ക് പുതിയൊരു ഇടത്തെ പ്രദാനം ചെയ്തതാണ് അതിലെ രാഷ്ട്രീയസമാനത. കണ്ണാടിപ്രതിഷ്ഠ, സവർണ്ണ പൗരോഹിത്യത്തെ വെല്ലുവിളിച്ച്, വ്യക്തിക്കു പുറമേ നിൽക്കുന്ന വിഗ്രഹരൂപം പൂണ്ട ഈശ്വരനു പകരം അവനവന്റെ ഉള്ളിൽ തന്നെയാണ് ഈശ്വരൻ എന്ന ദർശനത്തെ പ്രതീകവത്കരിക്കുകയും ചെയ്യുന്നു.

**കായൽസമ്മേളനം**

പൊതുവിടം നിഷേധിച്ച കീഴാളർക്ക് ലഭിച്ച പുതിയൊരിടമാണ് ജലോപരിതലത്തിൽ സൃഷ്ടിക്കപ്പെട്ട പുതിയ കരയെന്നു പറയാം. പുതിയൊരു പ്രതിരോധതന്ത്രമാണ്. പുതിയൊരു ബദൽ സൃഷ്ടിക്കപ്പെടലാണ്. ജലോപരിതലത്തിൽ സൃഷ്ടിക്കപ്പെട്ട പുതിയ കര ഒരു ജനതയുടെ രാഷ്ട്രീയ ഇച്ഛാശക്തിയുടെയും പ്രതിരോധ സമരത്തിന്റെയും പ്രതീകമാണ്.

**മുരുക്കുംപുഴയിലെ സത്യം, ധർമ്മം, ദയ, നീതി എന്ന നാണയ രൂപ പ്രതിഷ്ഠ**

സമരപ്രക്ഷോഭ പഥങ്ങളിൽ ഗാന്ധിജിയുടെ അഹിംസാ-സഹന ചിന്താപദ്ധതികൾ കറുപ്പനെപ്പോലെ പ്രാവർത്തികമാക്കിയ മറ്റൊരു സാമൂഹ്യപരിഷ്കർത്താവിനെ കണ്ടുകിട്ടുക പ്രയാസമാണ്. പണ്ഡിറ്റ് കറുപ്പന്റെ ധൈഷണികത ഉരുത്തിരിയിച്ചെടുത്ത സമരപദ്ധതികളു ടെ പാത സമാധാനപരവും ശാശ്വതവും ഫലപ്രദവും ആയിരുന്നുവെന്ന് പറയാം. സംഘടിത ശേഷിയുടെ സംഘർഷപരവും വന്യവും ആസുരവുമായ സംഹാരശേഷിയെ ഉണർത്താനും അക്രമങ്ങളിലേക്ക്, വഴിതിരിച്ചുവിട്ട് പെട്ടെന്ന് വിജയങ്ങളുണ്ടാക്കാനും അദ്ദേഹം ശ്രമിച്ചില്ല. അത്തരം വിജയങ്ങൾക്ക് സാമൂഹികപിന്തുണ കുറയുമെന്നും വിജയഫലങ്ങളെ ശാശ്വതമായി നിലനിർത്താൻ വിഷമകരമായിരിക്കുമെന്നും അവ സമൂഹത്തിൽ എപ്പോഴും നീറ്റലും പുകച്ചിലും ഉണ്ടാക്കുമെന്നും ആ ക്രാന്തദർശി തിരിച്ചറിഞ്ഞതിന്റെ ഫലമാണ് സ്വന്തമായൊരു സമരപദ്ധതി വികസിപ്പിച്ചെടുത്തത്. പണ്ഡിറ്റ് കറുപ്പനെ സംബന്ധിച്ചിടത്തോളം സാഹിത്യരചനയെന്നത് ശക്തമായ രാഷ്ട്രീയ പ്രവർത്തനമായിരുന്നു. അവയെ നമുക്ക് 'നിവേദനസാഹിത്യങ്ങൾ'എന്ന് വിശേഷിപ്പിക്കാം. സംഘടിത ബലപ്രയോഗത്തിന്റെ പ്രത്യക്ഷരീതിയെക്കാൾ ശാശ്വതവും ഫലപ്രദവുമായ മനോഭാവമാറ്റങ്ങളിലേക്കാണ് അദ്ദേഹത്തിന്റെ ശ്രദ്ധ പതിഞ്ഞത്. വ്യക്തിയുടെ വൈകാരിക മണ്ഡലത്തെ സ്വാധീനിക്കാനും അവിടെ പരിവർത്തനങ്ങൾ സാദ്ധ്യമാക്കാനും കഴിയുന്ന സമരായുധമാണ് സാഹിത്യമെന്ന് അദ്ദേഹത്തിന്റെ ചിന്ത തിരിച്ചറിഞ്ഞിരുന്നു.

അതിൽ തന്നെ നാടൻ ശീലുകൾക്കും നാടകത്തിനും ഇതരസാഹിത്യ വ്യവഹാര രൂപങ്ങളെക്കാൾ ശക്തിയും സംവേദനക്ഷമതയുമുണ്ടെന്നും അദ്ദേഹം മനസ്സിലാക്കി. ജാതിക്കുമ്മിക്ക് കുമ്മിയടിപ്പാട്ടിന്റെ രീതിയും താളവും കൈവന്നതും ബാലാകലേശം നാടകമായതും യാദൃച്ഛികമല്ല, സോദ്ദേശ്യപരമാണെന്നർത്ഥം.

മനുഷ്യാവകാശത്തെ സംബന്ധിച്ചും മാനവികതയെ സംബന്ധിച്ചും സ്വാതന്ത്ര്യ-സമത്വ -സാഹോദര്യ-ജനാധിപത്യ ആശയങ്ങളെ സംബന്ധിച്ചും കറുപ്പൻ സ്വാംശീകരിച്ച നിലപാടുകളാണ് സമയാസമയങ്ങളിൽ യുക്തമായി പ്രവർത്തിക്കാൻ അദ്ദേഹത്തെ പ്രാപ്തനാക്കിയത്. തീണ്ടലും തൊടിലും ഭരണകൂടവും സമൂഹവും അംഗീകരിച്ച അനുശീലനമായി ആചരിച്ചു പോരുന്ന ഒരു സമൂഹത്തിലേക്കാണ് ബാലാകലേശം പോലുള്ള നാടകരചന കടന്നുവന്ന് ആചാരങ്ങളിലെയും ശീലങ്ങളിലെയും തെറ്റും ശരിയും വിചാരണ ചെയ്യുന്നത്. പൊതുവഴിയിലൂടെ നടന്നതിന്റെ പേരിൽ ദലിത് യുവാവിനെ ആക്രമണത്തിനിരയാക്കിയ സവർണ്ണ വരേണ്യർക്ക് നാടുകടത്തലും വധശിക്ഷയും വിധിക്കുന്നത്. സവർണവരേണ്യതയുടെ കോട്ടകൊത്തളങ്ങളെ പിടിച്ചുകുലുക്കിയ ഈ നാടകരചന എത്രമാത്രം വിധ്വംസകമായിരുന്നുവെന്നറിയാൻ ഡോ. പല്പുവിന്റെ ഈ പ്രതികരണം നോക്കിയാൽ മതി. “ഇതെഴുതിയശേഷവും നിങ്ങളെ സർക്കാരുദ്യോഗത്തിൽ വെച്ചുകൊണ്ടിരുന്നോ? എന്നാണ് ഡോ. പല്പു മി.കറുപ്പനോട് ചോദിച്ചത്.” (എന്റെ സ്മരണകൾ, പി.കെ. ഡീവർ, പുറം - 281)

**സാമൂഹ്യപരിഷ്കരണ ചിന്തകൾ**

പാർശ്വവത്കൃത കീഴാള സമുദായങ്ങളുടെ സാമൂഹ്യപുരോഗതിക്ക് അവശ്യം വേണ്ട ഘടകങ്ങളെ സംബന്ധിച്ചും പ്രക്രിയകളെ സംബന്ധിച്ചും കൃത്യമായ ധാരണ പണ്ഡിറ്റ് കറുപ്പനുണ്ടായിരുന്നു.

- വ്യക്തിയെന്ന നിലയിലും സമുദായം എന്ന നിലയിലും മതിപ്പും ആത്മാഭിമാനവും ഉണ്ടാക്കൽ.
- വ്യക്തിശുചിത്വം, പരിസരശുചിത്വം എന്നിവയുടെ പ്രാധാന്യം തിരിച്ചറിയൽ.
- മദ്യപാനം, സാമ്പത്തികദുർവ്യയം, ധനനഷ്ടവും സാമ്പത്തികബാധ്യതയും ഉണ്ടാക്കുന്ന ആചാരങ്ങൾ എന്നിവ ഉപേക്ഷിക്കൽ.
- വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം ഉൾക്കൊള്ളൽ.
- പാരമ്പര്യമായി ചെയ്തുകൊണ്ടിരിക്കുന്ന തൊഴിലുകളെ ആധുനികവത്കരിക്കൽ.
- നേതൃത്വങ്ങൾക്കുകീഴിൽ സംഘടിത സാമുദായികശക്തിയായി നിലകൊള്ളൽ.
- ശാസ്ത്രീയമനോഭാവം ആർജ്ജിക്കൽ.
- സ്വസമുദായങ്ങളിൽ നിന്നു തന്നെ നേതൃത്വത്തെ ഉണ്ടാക്കൽ.
- സർക്കാരിൽ ആനുപാതികമായി പ്രാതിനിധ്യം ഉണ്ടാകൽ.
- ജനാധിപത്യമൂല്യങ്ങൾ, അവകാശബോധം, സഹോദരസ്നേഹം, സമുദായ സേവന മനോഭാവം, മാനവികതാദർശനം, ഈശ്വരചിന്ത എന്നിവയാർജ്ജിക്കൽ.

കറുപ്പന്റെ വൈവിധ്യമാർന്ന സാമൂഹികപരിഷ്കരണ വ്യവഹാരങ്ങൾക്ക് നിയാമകമായി

 ISSN: 2582 - 2594

വർത്തിച്ചത് ശ്രീനാരായണ ഗുരുദേവൻ സ്വന്തം ജീവിതത്തിൽ പകർത്തി പ്രായോഗികമാക്കി കാണിച്ചു കൊടുത്ത അദ്ദേഹത്തിന്റെ മേൽപ്പറഞ്ഞ ബോദ്ധ്യങ്ങൾ ആയിരുന്നു. സമുദായസംഘടനാ രൂപീകരണത്തിനുശേഷം തന്റെ എല്ലാ വ്യവഹാരങ്ങളുടെയും ദിശ സാമുദായിക ഉന്നമനം എന്നതിലേക്ക് സമന്വയിപ്പിക്കുന്നുണ്ട്. അതിനുശേഷമുള്ള തന്റെ എല്ലാ സാഹിത്യരചനകളിലും സമകാലികവിഷയങ്ങളാണ് കവിതയുടെ പ്രമേയങ്ങളായി വരുന്നത് എന്നതും രചനകൾ വിപ്ലവാത്മകമാകുന്നു എന്നതിനോടൊപ്പം ഭാഷയെ അതിനനുസരിച്ച് നവീകരിക്കുന്നതിലും അദ്ദേഹം ജാഗ്രത പുലർത്തുന്നുണ്ട്. സാധാരണക്കാരായ ജനങ്ങളെ ലക്ഷ്യവേദിയാക്കുന്നതു കൊണ്ടു തന്നെ അത്തരം കവിതകളുടെ ഭാഷ, താളം, സംഗീതാത്മകത എന്നിവയെല്ലാം. ജനപ്രിയഘടകങ്ങളെ മുൻനിർത്തി ആവിഷ്കരിച്ചുകൊണ്ട് കവിതയിലേക്കും ഇതരരചനകളിലേക്കും സ്വാംശീകരിക്കുകയാണ് അദ്ദേഹം ചെയ്യുന്നത്.

വാലസമുദായത്തിന്റെ സമുൽക്കർഷത്തെ ലക്ഷ്യമാക്കി പണ്ഡിറ്റ് കറുപ്പൻ ആദ്യമായി സ്ഥാപിച്ച സമുദായസംഘടനയായിരുന്നു വാലസമുദായ പരിഷ്കരണിസഭ. വാലന്മാരുടെ സാമുദായികാചാരങ്ങളിലും വിശ്വാസങ്ങളിലും പുരോഗമനാത്മകങ്ങളായ വലിയ പരിവർത്തനങ്ങൾ വരുത്തുവാൻ ഈ മഹാസഭയ്ക്ക് കഴിഞ്ഞിട്ടുണ്ട്. (എന്റെ സ്മരണകൾ, പി.കെ. ഡീവർ, പുറം 274 -275)

സമുദായം ആധുനികവിദ്യാഭ്യാസത്തിൽ ഉയരണമെന്നുള്ളതും അദ്ദേഹത്തിന്റെ വലിയൊരു ആശയായിരുന്നു. അക്കാലത്തു ഇംഗ്ലീഷ് പള്ളിക്കൂടത്തിൽ പഠിച്ചുകൊണ്ടിരുന്ന എല്ലാ വാല വിദ്യാർത്ഥികളെപ്പറ്റിയും അദ്ദേഹം അന്വേഷിക്കുകയും അവരുടെ വിദ്യാഭ്യാസത്തെ പ്രോത്സാഹിപ്പിക്കുകയും ചെയ്തു വന്നിരുന്നു. സമുദായത്തിൽനിന്ന് കുറെ പേരെങ്കിലും ബി.എ.യും ബി.എല്ലും ജയിച്ചവരായി കണ്ടു മരിക്കുവാൻ സാധിക്കണമെന്നതായിരുന്നു അദ്ദേഹത്തിന്റെ മികച്ച ആശ. (എന്റെ സ്മരണകൾ, പി.കെ. ഡീവർ, പുറം 276-277) കൗമാരയൗവനകാലങ്ങളിൽ വിദ്യതേടി പല തീർത്ഥാടനങ്ങളും ചെയ്തിട്ടുള്ള കറുപ്പൻ മാസ്റ്റർക്ക് വിദ്യാഭ്യാസത്തിൽ താല്പര്യമുള്ളവരെ കണ്ടുപിടിക്കുന്നതിലും അവരെ കൈകൊടുത്തു കയററിക്കൊണ്ടുവരുന്നതിലും പ്രത്യേക താൽപ്പര്യം ഉണ്ടായിരുന്നു. മൂന്നാം ഫാറത്തിൽ പഠിക്കുമ്പോൾ ശ്രദ്ധയിൽപ്പെടുകയും സംസ്കൃതത്തിൽ ചോദിച്ചകാര്യങ്ങൾക്ക് സംസ്കൃതത്തിൽ മറുപടി പറയുകയും ചെയ്ത പി. കേശവൻ എന്ന വിദ്യാർത്ഥിയുടെ രക്ഷാധികാരിത്വം ഏറെറടുത്ത് 1927 -ൽ കൊച്ചീതിരുവിതാംകൂർ സംസ്ഥാനങ്ങളിലെ ആദ്യത്തെ ധീവര ബിരുദധാരിയാക്കിത്തീർത്തതാണ് ഇതിന് ഏറ്റവും വലിയ ഉദാഹരണം.

സാമൂഹികമായ കെട്ടുറപ്പില്ലാതെ കുത്തഴിഞ്ഞുകിടന്നിരുന്ന വാല സമുദായത്തെ (ധീവര സമുദായത്തെ) സംഘടിപ്പിച്ച് ശക്തിപ്പെടുത്തുവാനും അവരിൽ സ്വാഭിമാനം വളർത്തുവാനുമാണ് അദ്ദേഹം ആദ്യം ശ്രമിച്ചത്. അതിനായി ശ്രീനാരായണ ധർമ്മപരിപാലന സംഘത്തിന്റെ മാതൃക സ്വീകരിച്ച് ആനാപ്പുഴയിൽ കല്യാണദായിനി സഭയും, തേവരയിൽ വാലസമുദായ പരിഷ്കരണിസഭയും, വടക്കൻ പറവൂരിൽ പ്രബോധചന്ദ്രോദയം സഭയും, ഇടക്കൊച്ചിയിൽ ജ്ഞാനോദയം സഭയും, ഏങ്ങണ്ടിയൂരിൽ അരയവംശോദ്ധാരണി മഹാസഭയും കുമ്പളത്ത് സന്മാർഗ്ഗ പ്രദീപസഭയും ആലപ്പുഴയിൽ കല്യാണദായിനി സഭയും സ്ഥാപിച്ച് സമുദായാംഗങ്ങളെ ശക്തരാക്കുകയും സംഘടനാപ്രവർത്തനങ്ങൾ വ്യാപകമാക്കുകയും ചെയ്തു. ഇതിനും

പുറമെ കൊച്ചിയിലും മലബാറിലും തിരുവിതാംകൂറിലും വിവിധ പേരുകളിൽ വിവിധ രൂപത്തിൽ നടത്തിയിരുന്ന സമുദായോദ്ധാരണ പ്രവർത്തനങ്ങൾക്ക് ഒരേകീകൃത രൂപമുണ്ടാക്കുവാൻ 'അരയവംശോദ്ധാരിണി' എന്ന പേരിൽ ഒരു കേന്ദ്രസംഘടന രൂപീകരിക്കുന്നതിലും മുഖ്യ പങ്കുവഹിച്ചു. ഇത്തരത്തിലുള്ള ജാതിസംഘടനകളാണ് കേരളീയനവോത്ഥാനത്തിന്റെ അടിസ്ഥാന ശിലകളായി വർത്തിച്ചത്. സഭകൾ സ്ഥാപിച്ച് സമുദായാംഗങ്ങളെ സംഘടിപ്പിയ്ക്കുന്നതോടൊപ്പം, നിരവധി യോഗങ്ങൾ വിളിച്ചുകൂട്ടി പ്രസംഗങ്ങളിലൂടെ കഴിഞ്ഞകാലങ്ങളിൽ ധീവരർക്കുണ്ടായിരുന്ന സ്ഥാനവും തങ്ങളുടെ തൊഴിലിന്റെ മഹത്വവും എണ്ണിയെണ്ണിപ്പറഞ്ഞ് അവരിൽ ആത്മാഭിമാനവും വളർത്തി; അന്യോന്യമുള്ള പക, അസൂയ എന്നിവ ഉപേക്ഷിച്ച് വിദ്യയിലൂടെ വിജ്ഞരാകുവാൻ ഉദ്ബോധിപ്പിച്ചു. സമുദായാംഗങ്ങളുടെ ഉയർത്തെഴുന്നേല്പിന് വേണ്ടുന്ന ഊർജ്ജവും ഉണർവ്വും എപ്പോഴും പകർന്നുകൊണ്ടിരുന്നു.

ശൈശവവിവാഹം, ബഹുഭാര്യത്വം, വിവാഹധൂർത്ത്, പ്രസവിച്ച ഉടനെ അമ്മയെയും കുഞ്ഞിനെയും കുടിലുകെട്ടി മാറ്റി പാർപ്പിക്കൽ തുടങ്ങിയവയെ ലേഖനങ്ങളിലൂടെ എതിർക്കുകയും പ്രായപൂർത്തിവിവാഹത്തിനും പ്രസവം ആശുപത്രിയിലാക്കുന്നതിനും ഉപദേശിക്കുകയും ചെയ്തു. സാമുദായിക ജീവിതത്തിലെ പൗരോഹിത്യമേധാവിത്വത്തിന് അവസരം കൊടുക്കാതിരിക്കാനും അദ്ദേഹം ശ്രദ്ധിച്ചു.

"പൂജാവിധികൾ പഠിച്ചിട്ടില്ലെങ്കിലും; ദേഹശുദ്ധിയും മനഃശുദ്ധിയും ഈശ്വരഭക്തിയും ഉള്ള ഏതു സാധുക്കൾക്കും മേൽപ്പറഞ്ഞവിധം വിവാഹപൂജ നടത്താൻ വിരോധമില്ല. ഛായകൾ ഒന്നും കിട്ടിയില്ലെങ്കിൽ, വിളക്കു വെച്ച് വിളക്കിൽ ഇഷ്ടദേവതയെ ധ്യാനിച്ചാൽ മതി." (പിറപ്പും പേർ വിളിയും, പണ്ഡിറ്റ് കറുപ്പന്റെ സമ്പൂർണ്ണ കൃതികൾ 2, പുറം 120)

1928 മെയ് 20ന് കൊടുങ്ങല്ലൂർ നിന്നും പി.കെ. ഡീവറിന്റെ പത്രാധിപത്യത്തിൽ പ്രസിദ്ധീകരണം ആരംഭിച്ച ധർമ്മകാഹളത്തിന്റെ പ്രഥമലക്കത്തിൽ പ്രസിദ്ധീകരിച്ച ധർമ്മകാഹളം എന്ന കവിതയിൽ കവിയുടെ പത്രധർമ്മചിന്തയും ജാതിവിരുദ്ധ മനോഭാവവും ധർമ്മസമരത്തെ സംബന്ധിച്ച നിലപാടും സുവ്യക്തമാണ്.

"അനാചാരമദലഹരിയാൽ ധർമ്മ –
മനാദരിച്ചേതും പ്രവർത്തിക്കുന്നവർ,
അബദ്ധവിശ്വാസ ച്ചെകുത്താൻ ബാധിച്ചി -
ട്ടനുജരെ ദൂരെ വിലക്കിടുന്നവർ,
അഹോ! മഹാജാതി പിശാചിൻ കീഴ്പ്പെട്ടു
സഹോദര സ്നേഹം മറന്നു പോയവർ,
ഇരിക്കും കൊമ്പിന്റെ കട, മഴു കൊണ്ടു
ശരിക്കു കൊത്തിടും വിവേകശൂന്യന്മാർ,
അതിനാൽ ധീരരെ! മഹോദ്യമമാകും
അരിയവാളൂരിപ്പിടിച്ചു കൊള്ളുക!
വിജയമൊന്നുകിൽ മരണമല്ലെങ്കിൽ


ISSN: 2582 - 2594

വിരവിലൊന്നു കൈവരുന്നതുവരെ
ഒരു മനസ്സായി 'സ്സഹന ' പേരെഴു-
മടറ്റനെന്നുടെ സഹജർ പോകുവിൻ!" (ധർമ്മകാഹളം)

ധർമ്മസമരത്തിൽ പുലർത്തേണ്ട അഹിംസയുടെ ചിന്ത ഈ കവിതയിൽ തെളിഞ്ഞു നിൽക്കുന്നു.

"ഒരുമ നമ്മളെയുയർത്തും നേടുവാ-
നൊരു വരുമില്ലെന്നറിഞ്ഞിരിക്കണം.
കടുത്തില കുന്തം നെടുവാൾ തോക്കുമാ-
യടുത്തു നീചന്മാർ വരികിലന്നേരം
കരങ്ങളും കെട്ടിയൊരുമിച്ചു നിന്നു
കരഞ്ഞെന്നാൽ മതിയവരെ വെല്ലുവാൻ.
ശരിക്കും നമ്മുടെ മിഴിനീർക്കായലിൽ
മരിക്കുവാനേയുള്ളവരെല്ലാം കൂടി.....

....'അഹിംസ' യെത്തെല്ലും മറന്നു പോകാതെ
സഹനപ്പോരിനൊന്നൊരുങ്ങി കൊണ്ടെന്റെ
സഹജന്മാർ മുന്നോട്ടുഴറിക്കൊള്ളുവിൻ."

കുറത്തിപ്പാട്ടിൽ ധീവരകുലത്തിന് വന്ന അപചയത്തിന്റെ കാരണം വിദ്യഇല്ലായ്മയാണെന്ന് ഓർമ്മപ്പെടുത്തുന്നു. ഗ്രന്ഥപാരായണത്തിലും ശ്രദ്ധപതിപ്പിക്കണമെന്ന് ഉപദേശിക്കുന്നു. പാലക്കാട്ടിൽ അന്യസമുദായക്കാർ വേഴ്ചയ്ക്ക് മടിക്കുന്നതിൽ നമ്മുടെ വൃത്തിയില്ലായ്മയും കാരണമാണെന്ന് കുറ്റപ്പെടുത്തുന്നു. വ്യക്തിശുചിത്വം പാലിക്കാനും വീടും പരിസരവും ശരിയാക്കാനും അദ്ദേഹം ആഹ്വാനം ചെയ്യുന്നു. ആരോഗ്യമാണ് ധനം എന്ന് ഓർമ്മപ്പെടുത്തുന്നു. തുള്ളൽപ്പാട്ടിൽ സമ്പാദ്യശീലം ജീവിതവിജയത്തിന് ആവശ്യമാണെന്ന് ഉപദേശിക്കുന്നു. താലികെട്ട്, അടിയന്തരം തുടങ്ങിയ അനാവശ്യ അനാചാരങ്ങൾക്ക് പണം ദുർവ്യയം ചെയ്യരുതെന്നും ഉപദേശിക്കുന്നു. ഗാഥയിൽ മദ്യപാനം ഉപേക്ഷിക്കാൻ ആഹ്വാനം ചെയ്യുന്നു.

"ഓർത്തിടിൽ നമ്മുടെ വംശത്തെയിത്രയും
താഴ്ത്തിയ സാധനം കള്ളാകയാൽ
നമ്മുടേ വർഗ്ഗത്തിൽ നിന്നാ വിഷദ്രവ്യം
സമ്മോദാലാട്ടി യകറ്റിടുവിൻ!"

ആരാധനാലയങ്ങളിലെ ജന്തുബലിയെയും ഉപേക്ഷിക്കാൻ അദ്ദേഹം ആഹ്വാനം ചെയ്തു. പ്രായം നോക്കാതെയുള്ള വിവാഹത്തെ വിമർശിക്കുകയും പുരുഷനു 25 ഉം പെൺകുട്ടിക്ക് 16-ഉം വയസ്സ് പ്രായമാകണമെന്ന് ഉണർത്തിക്കുകയും ചെയ്തു. ശൈശവവിവാഹത്തെ നിരോ

ധിക്കുകയും കല്യാണമാണെന്ന് ഓർമപ്പെടുത്തുകയും താഴ്ന്നവരാണെന്ന അപകർഷതാബോധം ഉപേക്ഷിക്കണമെന്നും വ്യത്യാസം കൽപ്പിക്കുന്നത് അനാചാരമാണെന്നും അതിനു വഴങ്ങരുതെന്നും ഓർമ്മിപ്പിക്കുന്നു. ഒരു സമൂഹത്തിനു ഉന്നതിയുണ്ടാകുവാൻ സ്വാഭിമാനം എത്രത്തോളം ആവശ്യമാണെന്ന തികഞ്ഞ ധാരണ കറുപ്പനുണ്ടായിരുന്നു.

"സ്വാഭിമാനമാണേതു ജാതിക്കുമാവശ്യ, മി-
ന്നാഭിജാത്യമുള്ളോരേ പ്രശസ്തന്മാരായിട്ടു
നാമന്യന്മാരേക്കാളും താണവരല്ലെന്നോർത്തു
സാമർത്ഥ്യത്തോടെ നിജധർമ്മവുമനുഷ്ഠിച്ചു
എല്ലാരോടുമെന്നുമേ സാഹോദര്യവുമാർന്നു
സോല്ലാസമുപകാരമാർക്കുമേ ചെയ്തു നിത്യം
കാലാനുകൂലമായ വിദ്യയും കൈക്കലാക്കി-
ക്കോലവും സ്വഭാവവും നന്നാക്കി വെച്ചാദരാൽ
അദ്ധ്വാനിച്ചനുദിനം പ്രവർത്തിക്കേണ്ട, മാർക്കു
മുദ്യമംകൊണ്ടു സർവ്വകാര്യവും സാധിച്ചീടും."

1925ൽ കൊച്ചി നിയമസഭയിൽ മദ്യനിരോധനത്തിനായി കറുപ്പൻ ശബ്ദമുയർത്തുന്നുണ്ട്. കൃത്യമായ ദത്തങ്ങൾ വച്ചുകൊണ്ട് കൊച്ചി സംസ്ഥാനത്തെ പുലയർ ഒരു ദിവസം 7000 ഉറപ്പിക മദ്യം കുടിക്കാൻ ചെലവഴിക്കുന്നുണ്ടെന്ന് അദ്ദേഹം സമർത്ഥിക്കുകയും അവരുടെ സഹകരണ സംഘങ്ങൾ അതിനാൽ തന്നെ ലാഭകരമായി നടക്കുന്നില്ലെന്ന് പരാതിപ്പെടുകയും ചെയ്യുന്നുണ്ട്.

ശ്രീനാരായണ ആദർശങ്ങൾ സ്വാംശീകരിക്കുകയും പ്രചരിപ്പിക്കുകയും നടപ്പിൽ വരുത്തുകയും ചെയ്യുന്നതിലൂടെ കേരളസമൂഹത്തിനു പരിഷ്കൃത സമൂഹമായി മാറാനും കേരളദേശത്തിന് പുരോഗമന പരിഷ്കൃത ദേശമായി നിലകൊള്ളാനും സാധിക്കുമെന്ന് ഉറച്ചു വിശ്വസിക്കുകയും അതിനനുസരിച്ച് ജീവിതവും പ്രവൃത്തികളും ചിട്ടപ്പെടുത്തുകയും ചെയ്ത വ്യക്തിയാണ് ശ്രീ. പണ്ഡിറ്റ് കെ. പി. കറുപ്പൻ.

## ആധാരസൂചി


1. അനിൽകുമാർ ടി.കെ., മലയാളസാഹിത്യത്തിലെ കീഴാളപരിപ്രേക്ഷ്യം, കേരള സാഹിത്യ അക്കാദമി. തൃശ്ശൂർ: 2004.
2. കറുപ്പൻ കെ. പി., ജാതിക്കുമ്മി, കേരള സാഹിത്യഅക്കാദമി, തൃശ്ശൂർ : 2012.
3. കവി തിലകൻ പണ്ഡിറ്റ് കറുപ്പൻ, കറുപ്പന്റെ സമ്പൂർണ്ണ കൃതികൾ - 1, (പദ്യ കൃതികൾ), സാഹിത്യപ്രവർത്തകസഹകരണ സംഘം, കോട്ടയം, 2013.
4. കവി തിലകൻ പണ്ഡിറ്റ് കറുപ്പൻ, കറുപ്പന്റെ സമ്പൂർണ്ണ കൃതികൾ - 2 (ഗദ്യം), സാഹിത്യപ്രവർത്തകസഹകരണ സംഘം, കോട്ടയം, 2014.
5. ഗോപിനാഥ് പനങ്ങാട്, പണ്ഡിറ്റ് കറുപ്പൻ ജീവിതവും പോരാട്ടവും.
6. ചുമ്മാർ ടി. എം., കവിതിലകൻ കെ പി കറുപ്പൻ, കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ: 2012.
7. പൂയപ്പിള്ളി തങ്കപ്പൻ, പണ്ഡിറ്റ് കറുപ്പൻ: വിപ്ലവം കവിതയിലും സാമൂഹികരംഗത്തും



ISSN: 2582 - 2594

8. രാജേഷ് കെ. എരുമേലി, പണ്ഡിറ്റ് കറുപ്പൻ, ചിന്ത പബ്ലിക്കേഷൻസ്, തിരുവനന്തപുരം, വിതരണം: ദേശാഭിമാനി ബുക്സ്: 2015.
9. രാമദാസ് ചെറായി, കെ. പി. വള്ളോൻ നിയമസഭയിൽ, വോളിയം ഒന്ന് ഉപരോധം ബുക്സ്, തെങ്ങോട്, എറണാകുളം: 2009.
10. വേലായുധൻ കെ.കെ., പണ്ഡിറ്റ് കറുപ്പൻ ഓർമ്മകളിലൂടെ, നാഷണൽ ബുക്ക് സ്റ്റാൾ, കോട്ടയം, 1983.
11. വേലായുധൻ പി.എസ്. (ചീഫ് എഡിറ്റർ), പണ്ഡിറ്റ് കറുപ്പൻ, വി.വി.കെ. വാലത്ത്, നവകേരള ശില്പികൾ ഗ്രന്ഥ പരമ്പര, കേരള ഹിസ്റ്ററി അസോസിയേഷൻ, എറണാകുളം, 1955.
12. വേലായുധൻ പണിക്കശ്ശേരി, അയ്യൻകാളി മുതൽ വി.ടി. വരെ, കറൻറ് ബുക്സ്, കോട്ടയം: 2003.